"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ഇടുക്കി ജില്ല - കൊച്ചി ധനുഷ്ക്കോടി ദേശീയപാതയിൽ 25.10.2025-ൽ ഉണ്ടായ മണ്ണിടിച്ചിലിൽ ഗുരുതരമായി പരിക്കേറ്റതിനെ തുടർന്ന് ഇടതുകാൽ പൂർണമായും മുറിച്ചു മാറ്റപ്പെട്ട ശ്രീമതി. സന്ധ്യമോൾ ബിജുവിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ് - എ) വകുപ്പ്

സ.ഉ.(കൈ) നം.70/2026/RD തീയതി,തിരുവനന്തപുരം, 13-02-2026

പരാമർശം:- ശ്രീമതി.സന്ധ്യ മോൾ ബിജു ബഹു.മുഖ്യമന്ത്രിയ്ക്ക് 23/12/2025-ൽ സമർപ്പിച്ച അപേക്ഷ.

ഉത്തരവ്

കൊച്ചി ധനുഷ്ക്കോടി ദേശീയപാതയിൽ 25.10.2025-ൽ ഉണ്ടായ മണ്ണിടിച്ചിലിൽ ഗുരുതരമായി പരിക്കേറ്റ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ മന്നാങ്കണ്ടം അടിമാലി വില്ലേജിൽ അടിമാലി കരയിൽ നെടുമ്പിള്ളിക്കുടിയിൽ വീട്ടിൽ ശ്രീമതി സന്ധ്യമോൾ ബിജു ചികിത്സാ ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപകടത്തിൽ ടിയാന് ഭർത്താവിനെ നഷ്ടപ്പെടുകയും, ഗുരുതരമായി പരിക്കേറ്റ ടിയാന്റെ ഇടതുകാൽ പൂർണമായും മുറിച്ചു മാറ്റപ്പെടുകയുമുണ്ടായി. ഒരു വർഷം മുമ്പ് ടിയാന്റെ ഒരു കുട്ടി കാൻസർ വന്നു മരണപ്പെട്ടു പോയെന്നും അതിന്റെ സാമ്പത്തിക ബാധ്യതയിലായിരിക്കുമ്പോഴാണ് ഇത്തരത്തിലൊരു അപകടം സംഭവിച്ചതെന്നും നഴ്സിംഗ് വിദ്യാർത്ഥിയായ മറ്റൊരു മകളും പ്രായമായ അച്ഛനും അമ്മയുമടങ്ങുന്ന കുടുംബത്തിന്റെ നിത്യവൃത്തിയ്ക്ക് തന്നെ നിവൃത്തിയില്ലാത്ത സാഹചര്യത്തിലാണെന്നും, ഇപ്പോഴും ചികിത്സയിൽ തുടരുന്ന തനിക്ക് സാമ്പത്തിക സഹായം അനുവദിക്കണമെന്നുമാണ് ശ്രീമതി സന്ധ്യമോൾ ബിജു ആവശ്യപ്പെട്ടിരിക്കുന്നത്. ഗുരുതരമായി പരിക്കേറ്റ് ആലുവ രാജഗിരി ആശുപത്രിയിൽ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിദഗ്ധ ചികിത്സയ്ക്ക് വിധേയയായ ശ്രീമതി. സന്ധ്യമോൾ ബിജുവിന് 11,15,003/- രൂപയോളം ചികിത്സയിനത്തിൽ ചെലവായിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി ധനുഷ്ക്കോടി ദേശീയപാതയിൽ 25.10.2025-ൽ ഉണ്ടായ മണ്ണിടിച്ചിലിൽ ഭർത്താവിനെ നഷ്ടപ്പെടുകയും ഇടതുകാൽ പൂർണമായും മുറിച്ചു മാറ്റപ്പെടുകയും ചെയ്ത ശ്രീമതി. സന്ധ്യമോൾ ബിജുവിന്റെ നിലവിലെ സാമ്പത്തികസ്ഥിതിയും കുടുംബത്തിന്റെ പിന്നാക്ക അവസ്ഥയും പരിഗണിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 5,00,000/-രൂപ (അഞ്ചു ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

3) പ്രസ്തുത ഇനത്തിൽ വിതരണത്തിന് ആവശ്യമായി വരുന്ന 5,00,000/-രൂപ (അഞ്ചു ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP.80 നമ്പർ അക്കൗണ്ടിൽ നിന്നും ഇടുക്കി

ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ ടി തുക താമസംവിനാ വിതരണം നടത്തി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം ജി രാജമാണിക്കം**

**സെക്രട്ടറി**

ജില്ലാ കളക്ടർ, ഇടുക്കി.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
പൊതുഭരണ എസ് സി വകുപ്പ് (11.02.2026-ലെ മന്ത്രിസഭാ യോഗതീരുമാനം ഇനം.3670)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്(ഗവ. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signed by
Maheswari A
Date: 14-02-2026 21:06:30
സെക്ഷൻ ഓഫീസർ

**പകർപ്പ്:**-ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-02-2026

ഫയൽ നം. റവ-ഡി.ആർ.എഫ്.-എ5/5/2026/റവ. ഇനം നം: 3670

വിഷയം : റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ഇടുക്കി ജില്ല - കൊച്ചി-ധനുഷ്കോടി ദേശീയപാതയിൽ 25.10.2025-ൽ ഉണ്ടായ മണ്ണിടിച്ചിലിൽ ഗുരുതരമായി പരിക്കേറ്റതിനെ തുടർന്ന് ഇടതുകാൽ പൂർണ്ണമായും മുറിച്ചു മാറ്റപ്പെട്ട ശ്രീമതി. സന്ധ്യമോൾ ബിജുവിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. അഞ്ച് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | **റവ-ഡി.ആർ.എഫ്.-എ 5/5/2026-റവ.** |
| 2 | വകുപ്പ് | : | റവന്യൂ (ഡിആർഎഫ്-എ) വകുപ്പ് |
| 3 | വിഷയം | : | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ഇടുക്കി ജില്ല - കൊച്ചി ധനുഷ്ക്കോടി ദേശീയപാതയിൽ 25.10.2025-ൽ ഉണ്ടായ മണ്ണിടിച്ചിലിൽ ഗുരുതരമായി പരിക്കേറ്റതിനെ തുടർന്ന് ഇടതുകാൽ പൂർണമായും മുറിച്ചു മാറ്റപ്പെട്ട ശ്രീമതി സന്ധ്യമോൾ ബിജുവിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 28.01.2026 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ | : | അതെ |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ജയശ്രീ റ്റി.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09/2/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10/2/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 10/2/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 10/2/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

കൊച്ചി ധനുഷ്ക്കോടി ദേശീയപാതയിൽ ഉണ്ടായ മണ്ണിടിച്ചിലിൽ ഗുരുതരമായി പരിക്കേറ്റതിനെ തുടർന്ന് ഇടതു കാൽ പൂർണമായും മുറിച്ചു മാറ്റപ്പെട്ട ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ മന്നാങ്കണ്ടം അടിമാലി വില്ലേജിൽ അടിമാലി കരയിൽ നെടുമ്പിള്ളിക്കുടിയിൽ വീട്ടിൽ ശ്രീമതി സന്ധ്യമോൾ ബിജു എന്നയാൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2)ശ്രീമതി സന്ധ്യമോൾ ബിജു (42 വയസ്) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ സഹായത്തിനായി CMDRF ഓൺലൈൻ പോർട്ടൽ മുഖേന അപേക്ഷ (D251205857) സമർപ്പിച്ചിരുന്നു. ഒരു വർഷം മുമ്പ് ശ്രീമതി സന്ധ്യമോൾ ബിജുവിന്റെ ഒരു കുട്ടി കാൻസർ വന്നു മരണപ്പെട്ടു പോയെന്നും അതിന്റെ സാമ്പത്തിക ബാധ്യതയിലാണെന്നും അപേക്ഷയിൽ പ്രതിപാദിച്ചിട്ടുണ്ട്. മരണപ്പെട്ട കുട്ടിയെ കൂടാതെ നഴ്സിംഗ് വിദ്യാർത്ഥിയായ മറ്റൊരു മകളും പ്രായമായ അച്ഛനും അമ്മയുമടങ്ങുന്ന കുടുംബമാണുള്ളതെന്നും നിത്യവൃത്തിയ്ക്ക് തന്നെ നിവൃത്തിയില്ലാത്ത സാഹചര്യത്തിലാണ് ഇത്തരത്തിലൊരു അപകടം സംഭവിച്ചതും ഭർത്താവിനെ നഷ്ടപ്പെട്ടതെന്നും ഇപ്പോഴും ചികിത്സയിൽ തുടരുന്ന തനിക്ക് സാമ്പത്തിക സഹായം അനുവദിക്കണമെന്നുമാണ് ശ്രീമതി സന്ധ്യമോൾ ബിജു ആവശ്യപ്പെട്ടിരിക്കുന്നത് .

3)കൊച്ചി ധനുഷ്ക്കോടി ദേശീയപാതയിൽ 25.10.2025-ൽ ഉണ്ടായ മണ്ണിടിച്ചിലിൽ ഗുരുതരമായി പരിക്കേറ്റതിനെ തുടർന്ന് ശ്രീമതി സന്ധ്യമോൾ ബിജു, നെടുമ്പിള്ളിക്കുടിയിൽ, അടിമാലി, ഇടുക്കി എന്നയാളെ വിദഗ്ധ ചികിത്സയ്ക്കായി ആലുവ രാജഗിരി ആശുപത്രിയിൽ എത്തിക്കുകയും ശസ്ത്രക്രിയ (left above knee amputation,vascular repair of right leg,ex-fix of bones,plastic surgery and skin grafting in right leg) ഉൾപ്പെടെ ചികിത്സ നടത്തിയിട്ടുള്ളതായും മെഡിക്കൽ സർട്ടിഫിക്കറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്. 04/12/2025-ലെ ആലുവ രാജഗിരി ആശുപത്രിയിലെ ഡിസ്ചാർജ് ബില്ല് പ്രകാരം ടിയാന് 11,15,003/-രൂപ ചെലവായിട്ടുണ്ട്. ആശുപത്രി ബില്ലുകളുടെ പകർപ്പ്, ചികിത്സാ വിവരങ്ങൾ എന്നിവ സഹിതം ഇടുക്കി ജില്ലാ കളക്ടർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

4)ഈ വിഷയത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാസഹായം അനുവദിക്കുന്നതിനായി CMDRF പോർട്ടൽ മുഖേന ഫയൽ സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായി.

pg 1 ck

pg 7 ck

pg 11 ck

+pg 22 ck

#pg 5 ck

### തീരുമാനിക്കേണ്ട വിഷയം

കൊച്ചി ധനുഷ്ക്കോടി ദേശീയപാതയിൽ 25.10.2025-ന് ഉണ്ടായ മണ്ണിടിച്ചിലിൽ

ഗുരുതരമായി പരിക്കേറ്റതിനെ തുടർന്ന് ഇടതു കാൽ പൂർണമായും മുറിച്ച മാറ്റപ്പെട്ട ശ്രീമതി സന്ധ്യമോൾ ബിജുവിന് (നെട്ടുമ്പിള്ളിക്കുടിയിൽ, അടിമാലി, ഇടുക്കി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കാമോ? എങ്കിൽ എത്ര തുക?

05/2/26 05/02/2026. 5/2/2026. 5/2